# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: /സി.3/1695/2022 കെ.എസ്.എ./കെ.എൻ.ആർ.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 01/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം,
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ,ജനറൽ,കണ്ണൂർ (ഇ മെയിൽ വഴി)
ഓഫീസ് കോപ്പി.

നമ്പർ: /സി.3/1695/2022 കെ.എസ്.എ./കെ.എൻ.ആർ. തീയ്യതി: 01/03/2023

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2022 മുതൽ 22-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ | 23-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ,ഓഡിറ്റ് ഓഫീസർ(ഹഗ്രേ)
ശ്രീ.മനോജ്കുമാർ ടി ജോർജ്ജ് ,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സബിത.കെ,ഓഡിറ്റർ
ശ്രീമതി.ധന്യ.എം.വിഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.എം.കൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജോബി സാലസ് | സെക്രട്ടറി | 01-04-2021 | 11-05-2021 |
| ശ്രീമതി.പ്രസീത.കെ.വി | സെക്രട്ടറി | 12-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.സ്നേഹലത പോള | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീ.ബാലകൃഷ്ണൻ .കെ.എം | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റോസ് ലിജി.സി.ഡി | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.വിജയൻ കെ.വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 22-06-2021 |
| ശ്രീമതി.ബിജി.പി | പട്ടിക ജാതി വികസന ഓഫീസർ | 23-06-2021 | 01-03-2022 |
| ശ്രീമതി.കൈരളി.കെ.കെ | പട്ടിക ജാതി വികസന ഓഫീസർ | 02-03-2022 | 31-03-2022 |
| ശ്രീ.സുനിൽ.എം | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീന എം കണ്ടത്തിൽ | ശിശു വികസന പദ്ധതി ഓഫീസർതളിപ്പറമ്പ | 01-04-2021 | 31-03-2022 |
| ശ്രീമതി.രമാഭായി.എ.കെ | ശിശു വികസന പദ്ധതി ഓഫീസർതളിപ്പറമ്പ അഡീഷണൽ-2 ആലക്കോട് | 01-04-2021 | 31-05-2021 |
| ശ്രീമതി.നിർമ്മല.കെ | ശിശു വികസന പദ്ധതി ഓഫീസർതളിപ്പറമ്പ ,അഡീഷണൽ -2 ,ആലക്കോട് | 01-06-2021 | 25-06-2021 |
| ശ്രീമതി.ഷീജ .വി.ടി | ശിശു വികസന പദ്ധതി ഓഫീസർതളിപ്പറമ്പ ,അഡീഷണൽ -2 | 26-06-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ,ആലക്കോട് | | |
| ശ്രീമതി.നിർമ്മല.കെ | ശിശു വികസന പദ്ധതി ഓഫീസർ തളിപ്പറമ്പ അഡീഷണൽ-1 | 01-04-2021 | 29-10-2021 |
| ശ്രീമതി.ഉഷ.എം.വി | ശിശു വികസന പദ്ധതി ഓഫീസർ തളിപ്പറമ്പ അഡീഷണൽ-1 | 30-10-2021 | 09-11-2021 |
| ശ്രീമതി.രേണുക പാറയിൽ | ശിശു വികസന പദ്ധതി ഓഫീസർതളിപ്പറമ്പ അഡീഷണൽ-1 | 10-11-2021 | 31-03-2022 |
| ശ്രീ.അനൂപ്.കെ.വി | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുജ കാരാട്ട് | കൃഷി അസിസ്റ്റൻറ് ഡയറക്ടർ | 01-04-2021 | 30-10-2021 |
| ശ്രീമതി.സ്വപ്ന.കെ | കൃഷി അസിസ്റ്റൻറ് ഡയറക്ടർ | 01-11-2021 | 09-11-2021 |
| ശ്രീമതി.ബിന്ദു.കെ.കെ | കൃഷി അസിസ്റ്റൻറ് ഡയറക്ടർ | 10-11-2021 | 31-03-2022 |
| ശ്രീമതി .അൽഫോൺസ ജോസഫ് | ക്ഷീരവികസന ഓഫീസർ,ആലക്കോട് | 01-04-2021 | 31-03-2022 |
| ശ്രീമതി .അൽഫോൺസ ജോസഫ് | ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് | 01-04-2021 | 25-05-2021 |
| ശ്രീ മനോജ് കുമാർ പി.വി | ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് | 26-05-2021 | 04-10-2021 |
| ശ്രീ സിനാജുദിൻ പി .എച്ച് | ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് | 05-10-2021 | 24-10-2021 |
| ശ്രീമതി സ്മിത മാരാർ | ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് | 25-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 9 | ഗ്രാമസഭ | 1-8 |
| 10 | കമ്മറ്റികളുടെ പ്രവർത്തനം | 1-9 |
| 11 | വാടക കുടിശിക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-10 |
| 12 | തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല | 1-11 |
| 13 | കാർഷിക യന്ത്രവൽക്കരണം- അപാകതകൾ ₹1970000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-12 |
| 14 | വനിതാ ഖാദി കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ -രേഖകളുടെ അഭാവത്തിൽ ₹ 1600500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 15 | വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി (ക്ഷീരവികസന ഓഫീസർ തളിപ്പറമ്പ് ) അപാകങ്ങൾ- ₹550000 രൂപ തടസ്സപ്പെടുത്തുന്നു | 1-14 |
| 16 | ഓഫീസ് ചെലവുകൾക്കായി വികസന ഫണ്ട്ചെലവഴിച്ചു | 1-15 |
| 17 | സ്വയംതൊഴിൽ സബ്സിഡി വനിതാഗ്രൂപ്പ് -രേഖകൾ ഹാജരാക്കിയില്ല ₹ 125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ -ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കേണ്ടതാണ് | 1-17 |
| 19 | വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി (ക്ഷീരവികസന ഓഫീസർ ആലക്കോട്) അപാകങ്ങൾ- 1100000 രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | ലഡാക്ക് കുടിവെള്ള പദ്ധതി- അപാകങ്ങൾ | 1-19 |
| 21 | ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 22 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രം -ഹാജരാക്കിയില്ല | 1-22 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ,വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 18.02.2021 തീയതിയിലെ 29/21 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 553435000 |
| ആകെ | 553435000 |
| ചെലവ് | 547896400 |
| നീക്കിയിരിപ്പ് | 5538600 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 18-06-2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) വിവിധ ഗ്രാന്റ് തുകകൾ ആർ.പി.7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക ഐ6ലെ തുകളുമായിപൊരുത്തപ്പെടുന്നില്ല. വികസന ഫണ്ടുകളുടെ ഇനത്തിൽ ആർ.പി.7 ഷെഡ്യൂളിനേക്കാൾ കുറഞ്ഞ തുകയാണ് ഐ6 ഷെഡ്യൂളിൽ ഉൾപ്പെടുത്തി കാണുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് | ആർ.പി.7 | ഐ6 പ്രകാരമുള്ള തുക |
|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 40144619 | 27392019 |
| 2 | വികസന ഫണ്ട് -എസ്.സി.പി | 6540000 | 5215000 |
| 3 | വികസന ഫണ്ട് -ടി.എസ്.പി | 3681994 | 2031994 |
| 4 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 4227171 | 9131574 |

2) അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.2021-22നു മുമ്പ് നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാടക രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) എം.ജി.എൻ.ആർ.ജി.എസ്. അഡ്വാൻസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ തുകയും ബന്ധപ്പെട്ട സെക്ഷനിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബി18 ഷെഡ്യൂൾ പ്രകാരം തിരിച്ച് കിട്ടേണ്ട തുക 1127127 ആണ്. എന്നാൽ എം.ജി.എൻ.ആർ.ജി.എസ് വിഭാഗത്തിലെ കണക്ക് പ്രകാരം 1129375ആണ്. പഞ്ചായത്ത് 2248 രൂപ തെറ്റായി വരവിലെടുത്തതു കൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായത്.

6) ബി9 ഷെഡ്യൂളിലെ ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മൂല്യ വർദ്ധിത നികുതി ഇനത്തിലെ തുക ഇപ്പോഴും ബാധ്യതയായി തുടരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

7) 2021-22ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

8) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങളുടെ വരവ് ചെലവുകൾ വ്യക്തമായി പരാമർശിക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

9) ആസ്തി രജിസ്റ്റർ 2019സെപ്റ്റംബർ വരെ മാത്രമേ കാലികമാക്കിയിട്ടിട്ടുള്ളു.

10) ടി.എസ്.സി., ഐ.എ.വൈ., ഐ.ഡബ്ല്യൂ.ഡി.പി ,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിലെ ബി4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിരിപ്പ് തുകകൾ ബി-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

11) ബി-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന RGNDWM നീക്കിയിപ്പ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

12) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

13) ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

14) ഐ18 ഷെഡ്യൂളിലെ തുകകളുടെ വിശാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

15) വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക പദ്ധതികൾക്കുമായി ലഭിച്ച തുകകളുടെ വിശദാംശങ്ങൾ (ഇനം , ഉദ്ദേശ്യം ,ലഭിച്ച വർഷം എന്നിവ സഹിതം) ലഭ്യമാക്കിയിട്ടില്ല.

16) 2021-22 വർഷത്തിൽ കേരള ജല അതോറിറ്റി (7668385), ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് (1,10000)എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തുക ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

17)KGB Karimbam (Housing Dist Pachayath) എന്ന അക്കൗണ്ടിന്റെ പാസ് ബുക്ക്,റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

18) എച്ച്.ഡി.എഫ്.സി സി.എഫ്.സി. ഗ്രാന്റ് അക്കൗണ്ടിന്റെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 4347603 ആണ്. ആർ.പി40(ബി) ഷെഡ്യൂൾ പ്രകാരം 4425253 ആണ്.ബി4 പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 4310235 ആണ്. റീകൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6797301 |
| വരവ് | 117261424 |
| ആകെ | 124058725 |
| ചെലവ് | 111074539 |
| നീക്കിയിരിപ്പ് | 12984186 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 5345500 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 41192380 | 41192380 | 40144619 | 1047761 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 7449578 | 7449578 | 6540000 | 909578 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 3870002 | 3870002 | 3681994 | 188008 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 13092730 | 13092730 | 9131574 | 3961156 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | 9403315 | 9403315 | 6098319 | 3304996 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 19192338 | 19192338 | 14776555 | 4415783 |

ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് സംബന്ധിച്ചുള്ള അവ്യക്തതകൾ അക്കൗണ്ടിലെ അപാകങ്ങൾ സംബന്ധിച്ചുള്ള ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. എ.സി.ആർ. പ്രകാരമുള്ള തുകകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് എ.സി.ആറോ വ്യക്തമായ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമല്ലാത്തിനാൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 134 | 160431326 | 111 | 88166484 | 35 | 1 | 75 | 56 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ (തളിപ്പറമ്പ, | 10 | 10 | 6830000 | 5806927 | 85.02 |

| | | | | | |
|---|---|---|---|---|---|
| തളിപ്പറമ്പ അഡിഷണൽ 1&11) | | | | | |
| സെക്രട്ടറി | 36 | 28 | 80261368 | 35750510 | 044.54 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 256000 | 256000 | 100 |
| മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 10 | 9 | 4165864 | 3963063 | 95 |
| എസ് സി ഡി ഒ | 3 | 3 | 3630000 | 3629052 | 99.97 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 5 | 5 | 18257544 | 5540147 | 100 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ (തളിപ്പറമ്പ, ആലക്കോട്) | 6 | 6 | 6244853 | 4434212 | 71 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 6 | 6 | 2894958 | 2660500 | 100 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 4 | 3639375 | 935213 | 25.69 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 43 | 32947364 | 22886860 | 69.46 |
| ആകെ | 134 | 115 | 160431326 | 88166484 | 55 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2022-ന് ഉച്ചയ്ക്ക് 12 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തരനിയന്ത്രണം

കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പിലാക്കിയ പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലി ബാരലിന്റെ വില, ജി എസ് ടി എന്നിവ അതാതി ഹെഡ്ഡിലേക്ക് തിരിച്ചടയ്ക്കുവാനും ടെണ്ടർഫീ ഇനത്തിൽ ബ്ളോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ ഓഫീസ് ചെലവുകൾക്കായി വികസന ഫണ്ട് വകയിരുത്തി ചെലവഴിച്ചത് ശരിയായ നടപടിയല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖകളില്ല. ബ്ളോക്ക് പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സായ വ്യവസായ എസ്റ്റേറ്റുകളിലെ വാടക ഇനത്തിൽ കുടിശ്ശിക വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കുടിശ്ശിക തുക ഈടാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-8 ഗ്രാമസഭ

മിനട്സ് ഹാജരാക്കാത്തതിനാൽ 2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രാമസഭ ചേർന്നുവോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-9 കമ്മറ്റികളുടെ പ്രവർത്തനം

ഹാജരാക്കിയ വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധച്ചതിൽ നിന്നും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക ശേഷം വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കിക്കൊണ്ട് മോണിറ്ററിംഗ് കമ്മറ്റി

രൂപീകരിച്ചതായോ പദ്ധതി അവലോകനം നടത്തിയതായോ രേഖകളില്ല. പദ്ധതികൾ ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വിലയിരുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാടക കുടിശിക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

തളിപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ സി.5-43163/99/കെ.ഡി.എസ്, തീയതി 08.03.2000-ലെ ബൈലോയിലെ ക്രമ നമ്പർ 19 പ്രകാരം മുറി അനുവദിക്കപ്പെട്ടയാൾ പ്രതിമാസ വാടക അതാതു മാസം 5-ാം തീയതിക്കകം പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണെന്നും, വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടവാക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18 ശതമാനം പലിശയോടുകൂടി അടവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ വാടകക്കാരിൽ നിന്നും കൃത്യമായി വാടക ഈടാക്കാതിരിക്കുന്നത് ബൈലോ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. വാടക കുടിശിക വരുത്തുന്നവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതും തനതു വരുമാനച്ചോർച്ച ഒഴിവാക്കേണ്ടതുമാണ് . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അമ്മാനപ്പാറ മിനി വ്യവസായ എസ്റ്റേറ്റ്, പരിയാരം

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | സജ്ന കെ | XVIII/651B | 1500 | 9/20മുതൽ 3/22 വരെ | 19x1500=28500+പലിശ |
| 2 | ജെന്നി ഗ്രേയ്സ് | XVIII/651D | 1500 | 12/19മുതൽ 3/22 വരെ | 28X1500=42000+പലിശ |
| 3 | ജെന്നി ഗ്രേയ്സ് | XVIII/651/E | 1500 | 4/19മുതൽ 3/22 വരെ | 36X1500=54000+പലിശ |
| 4 | രമ്യ ബിനോയി | XVIII/651/T | 7500 | 9/20 മുതൽ 3/22 വരെ | 19x7500=142500+പലിശ |
| 5 | ആശാ സുബ്രമണ്യം | XVIII/651/L | 3000 | 8/21 മുതൽ 3/22 വരെ | 8x3000= 24000+പലിശ |
| 6 | ജസീല കെ.എൻ | XVIII/651/V | 9800 | 10/21 മുതൽ 3/22 വരെ | 6x9800=58800+പലിശ |
| 7 | അനീസ മുത്തലീബ് | XVIII/651/NPQ | 8500 | 10/21 മുതൽ 3/22 വരെ | 6x8500=51000+പലിശ |

2) നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ്, ആലക്കോട്

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | ജോസ് തോമസ് | XV/326H | 2250 | 7/15 മുതൽ 3/22 വരെ | 81X2250=182250+പലിശ |
| 2 | കെ.കെ കൃഷ്ണൻ കുട്ടി | XV/5 | 3000 | 4/17 മുതൽ 3/22 വരെ | 60x3000=180000+ പലിശ |

| | | | | | |
|---|---|---|---|---|---|
| 3 | ബാബു തോമസ് | XV/7 | 2250 | 1/22 മുതൽ 3/22 വരെ | 3x2250=6750+ പലിശ |
| 4 | സിജോ ജോൺ | XV/175 | 3000 | 8/20 മുതൽ 3/22 വരെ | 20x3000=60000+പലിശ |
| 5 | ട്ടു ഫിസ്റ്റ് കമ്പനി | XV/179A | 4000 | 11/20 മുതൽ 3/22 വരെ | 17x4000=68000+പലിശ |

3) നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്, പരിയാരം

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | ഒ.വി വിജയൻ | VI/5 | 3300 | 3/19 മുതൽ 3/22 വരെ | 37x3300=122100+പലിശ |
| 2 | അബ്ദുൾ റഷീദ് പി | VI/8 | 3000 | 4/16 മുതൽ 3/22 വരെ | 72x3000=216000+ പലിശ |
| 3 | ബാബു കെ.പി | VI/6 | 2250 | 3/22 | 2250+പലിശ |

4) കുറുമാത്തൂർ മിനി വ്യവസായ എസ്റ്റേറ്റ്,കുറുമാത്തൂർ

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | അബ്ബാസ്സ് എം.കെ | VI/247 | 1500 | 2/22, 3/22 | 2x1500 =3000+പലിശ |
| 2 | അബ്ബാസ്സ് എം.കെ | VI/250 | 1500 | 2/22, 3/22 | 2x1500 =3000+പലിശ |
| 3 | അബ്ബാസ്സ് എം.കെ | VI/253 | 1500 | 2/22, 3/22 | 2x1500 =3000+പലിശ |
| 4 | എം മുഹമ്മദ് ഷബീർ | VI/11 | 2000 | 10/21 മുതൽ 3/22 വരെ | 6x2000=12000+പലിശ |
| 5 | പി ബാലകൃഷണൻ നമ്പ്യാർ | VI/5 | 2400 | 10/17 മുതൽ 3/22 വരെ | 54X2400=129600 പലിശ |

കുടിശ്ശിക സംബന്ധിച്ചും നിമാനസൃത വാടക വർദ്ധനവ് സംബന്ധിച്ചും 28.11.2022-ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ വാടകക്കാർക്കും വാടക കുടിശ്ശിക പലിശ സഹിതം ഡിസംബർ 22- നകം അടച്ച തീർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന് ശേഷം കുടിശ്ശിക വരുന്നവർക്ക് വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നും മേൽ പറഞ്ഞ ജെന്നി ഗ്രേസ്, അബ്ദുൾ റഷീദ് എന്നിവർക്ക് കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശികയും, വാടക വർദ്ധനവും വിശദമായി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള മുഴുവൻ തുകയും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ട് തുകകൾ ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില , ബാരലിന്റെ ജി.എസ്.റ്റി എന്നീ ഇനങ്ങളിലുള്ള തുകകൾ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തു വരുന്നത്. 30-10-2007ലെ 59827/എഫ്.എം. /07/ തസ്വഭവ നമ്പർ സർക്കുലറിലെയും, ജി ഒ (പി ) 177/2006/ ഫിൻ 12.04.2006 നമ്പർ ഉത്തരവിലെയും നിർദ്ദേശ പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ട് ഉപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

താർ വീപ്പയുടെ ജി.എസ്.റ്റി ഇനത്തിൽ ഈടാക്കിയ തുകകളും ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 കാർഷിക യന്ത്രവൽക്കരണം- അപാകതകൾ ₹1970000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.കാർഷിക യന്ത്രവൽക്കരണം- അപാകതകൾ ₹1970000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയരക്ടർ |
| പ്രോജക്ട് നമ്പർ പേര് | 25/22,കാർഷിക യന്ത്രവൽക്കരണം |
| അടങ്കൽ | ₹1970000 |
| ചെലവ് ,ബിൽ നം | ₹1749500 (വികസന ഫണ്ട്)<br>305/24.2.2022<br>₹220500 (ഗുണഭോക്തൃ വിഹിതം)<br>ആകെ - ₹1970000 |

1.പ്രോജക്ട് പ്രകാരം ക്ളാസിക് ട്രാക്ടേഴ്സ് മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ₹1970000 ചെലവഴിച്ച് മേൽ ബില്ല് പ്രകാരം ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും NEW HOLLAND TRACTOR 4710 4WD TRACTOR - 2എണ്ണം (₹870000 നിരക്കിൽ )G0MADHI ROTOVATOR-2 എണ്ണം (₹230000) വാങ്ങിയിട്ടുണ്ട്.

പ്രസ്തുത ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും കാർഷിക കർമ്മസേന കുറുമാത്തൂർ,തലോറ പാടശേഖര സമിതി എന്നീ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.

2. പദ്ധതി നടപ്പിലാക്കുന്നതിനായി ₹220500 (ഗുണഭോക്തൃ വിഹിതം) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ സ്റ്റേറ്റ്മെൻറിൽ ചെലവ് ഉൾപെടുത്തിയിട്ടില്ല.

3. സ്റ്റോക്ക് റജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ കാരണത്താൽ ചെലവു തുക ₹1970000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 വനിതാ ഖാദി കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ -രേഖകളുടെ അഭാവത്തിൽ ₹ 1600500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-വ്യവസായ വികസന ഓഫീസർ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള കുവേരി ,കൊയ്യം,ചുടല ,തിമിരി എന്നീ വനിതാ ഖാദി കേന്ദ്രങ്ങൾക്ക്

അവർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനു വേണ്ടി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതോ മേൽ സ്ഥാപനങ്ങൾ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല

| പ്രോജക്ട്<br>നം./പേര് | അടങ്കൽ/<br>ബിൽ നം,തീയ്യതി ,തുക | വാങ്ങിയ<br>സാധനങ്ങളുടെ വിവരം |
|---|---|---|
| 181/22,കുവേരി<br>കൊയ്യം<br>വനിതാ ഖാദി<br>കേന്ദ്രങ്ങൾക്ക്<br>നൂൽ നൂൽപ്പ്<br>മെഷിൻ | 952958/- വികസന<br>ഫണ്ട്,<br>170000/- ധനകാര്യ<br>കമ്മിഷൻ ഗ്രാന്റ്<br>ആകെ അടങ്കൽ<br>1122958/-<br>13/27-3-22 888000/- | Invoice No.SKRTL/2100003,<br>DT.25/3/22<br>Tool Kit -2 (2x1500 = 3000)<br>8spindle Muslin Charkha -14<br>(14x23500 = 329000) |
| | | Invoice<br>No.SKRTL/2100004,DT.25/3/22<br>Tool Kit -3 (3x1500 =4500)<br>8spindle Muslin Charkha -23<br>(23x 23500 = 540500)<br>P&F Charges-non Textiles -1<br>1x 11000 =11000) |
| 168/22,തിമിരി<br>ഖാദി<br>കേന്ദ്രത്തിനു<br>ഉപകരണങ്ങൾ<br>വാങ്ങൽ | 265000/- വികസന<br>ഫണ്ട്<br>12/24-3-22,265000/- | Invoice .346,DT.22/3/22<br>നല്ലി ചക്രം -5 (5x12000 =60000)<br>പാവ് മരം -1 (1x23000 =23000)<br>ബോബിൻ സ്റ്റാന്റ് -1 (1x13000<br>=130000)<br>വൈൻഡിംഗ് മെഷിൻ - 1<br>(1x64000 =64000) |
| | | Invoice .347,DT.22/3/22<br>ബോബിൻ മെഷിൻ -1<br>(1x33899 =33899)<br>സെറ്റയിൻ ലെസ് സ്റ്റീൽ ടാങ്ക് -2<br>(2x27542=550845)<br>16017 രൂപ GST ഇനത്തിൽ<br>ചെലവഴിച്ചത്) |
| 80/22,ചുടല<br>വനിത<br>ഖാദി കേന്ദ്രത്തിനു<br>നൂൽ<br>നൂൽപ്പ് മെഷിൻ | 447000/-വികസന<br>ഫണ്ട്,<br>8/14-2-22,278000/- | Invoice<br>No.SKRTL/2100001,DT.12/2/22<br>8 Spindle Muslin Charkha -11<br>(8x24000=264000) |
| | | Tool Kit -2<br>(2x1500 =3000) |
| | | P&F Charges-non Textiles 1<br>(1x11000 =11000) |
| | 11/24/3/22,169500 | Invoice<br>No.SKRTL/2100002,DT.19/3/22<br>8 Spindle Muslin Charkha – 7 |

| | | |
|---|---|---|
| | | (7x24000 =168000) |

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തി (18/29-11-2022 )ന് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ ₹1600500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി (ക്ഷീരവികസന ഓഫീസർ തളിപ്പറമ്പ് ) അപാകങ്ങൾ- ₹550000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ്

പ്രൊജക്റ്റിന്റെ പേര്: വനിതാ പശുവളർത്തൽ യൂണിറ്റ്

പ്രൊജക്റ്റ് നമ്പര് :10/21-22

അടങ്കൽ തുക : ₹550000 വികസന ഫണ്ട്

:₹550000 മറ്റുള്ളവ

ചെലവ് തുക: ₹550000വികസന ഫണ്ട്

ബിൽ നമ്പർ/തീയ്യതി : 3/20.11.21/137500

:5/21.1.22/137500

:6/21.1.22/137500

:8/16.3.22/137500

2021-22 വർഷം ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് നിർവ്വഹണ ഉദ്യോഗസ്ഥനായി വനിതാ പശുവളർത്തൽ യൂണിറ്റ് എന്ന പദ്ധതിക്കായി 550000രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്കിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ 5വനിതാ അംഗങ്ങൾ അടങ്ങിയ 4 ഗ്രൂപ്പുകൾക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോ അംഗത്തിനും ഒരു കറവപശുവിനെ വാങ്ങുന്നതിനായി പശു ഒന്നിന് 27500 രൂപ പ്രകാരം 1 ഗ്രൂപ്പിന് 137500 രൂപ വെച്ച് 4 ഗ്രൂപ്പുകൾക്ക് (ഗോമതി ജെ.എൽ.ജി, സുനന്ദിനി ജെ.എൽ.ജി, ക്ഷീര ജെ.എൽ.ജി, നന്ദിനി ജെ.എൽ.ജി) 550000രൂപ (137500x4) ബാക്ക് എന്റ് സബ്സിഡിയായി വിവിധ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ഗ്രൂപ്പ് സംരഭത്തിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും വ്യക്തിഗത സംരംഭം എന്ന നിലയ്ക്കാണ് പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. മേൽ പദ്ധതി കേരള പഞ്ചാത്ത് രാജ് ആക്റ്റ് നാലാം പട്ടിക 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടതല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളായ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുന്നില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം, പ്രൊജക്റ്റ് ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ മാനദണ്ഡം,ഗ്രൂപ്പ് സംരംഭമായാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും വ്യക്തികൾക്ക് ആനുകൂല്യം നല്കിയത് എന്നിവ സംബന്ധിച്ച് 26-11-2022 നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഗ്രൂപ്പ് സംരംഭമായാണ് പദ്ധതി നടപ്പിലാക്കിയത് എന്നും, ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുന്നില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ്.മറുപടി തൃപ്തികരമല്ലാത്തതിനാലും വ്യക്തികത ആനുകൂല്യം നൽകുന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടത്അല്ലാത്തതിനാലും ഈഇനത്തിൽ ചെലവഴിച്ച , 550000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 ഓഫീസ് ചെലവുകൾക്കായി വികസന ഫണ്ട്ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്റ്റ് /നമ്പർ പേര് | 154/22 ,എ ഇ ഇ ഓഫീസിലെ ചെലവുകൾ |
| അടങ്കൽ | ₹100000 (വികസന ഫണ്ട്) |
| ചെലവ് ,ബിൽ നം | ₹88185 |

1. മേൽ പ്രോജക്റ്റ് പ്രകാരം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ഓഫീസ് ചെലവുകൾക്കായി വികസന

ഫണ്ടാണ് ചെലവഴിച്ചിട്ടുള്ളത്.സ .ഉ (കൈ)നം.22/2018/തസ്വഭവ,തീയ്യതി.14.2.2018സബ്സിഡിമാർഗ്ഗരേഖയിലെ ഖണ്ഡിക 8.8 പ്രകാരം

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് തനത് ഫണ്ട്,ജനറൽ പർപസ് ഗ്രാൻറ് ,നോൺറോഡ് മെയിൻറനൻസ് ഗ്രാൻറ് എന്നിവയിൽ നിന്നും മാത്രമാണ് തുക അനുവദിക്കാവുന്നത്. അപാകം ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 സ്വയംതൊഴിൽ സബ്സിഡി വനിതാഗ്രൂപ്പ് -രേഖകൾ ഹാജരാക്കിയില്ല ₹ 125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 51/22 |
| പ്രോജക്ടിന്റെ പേര് | സ്വയംതൊഴിൽ സബ്സിഡി വനിതാഗ്രൂപ്പ് |
| അടങ്കൽ | ₹ 375000വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക ,ബിൽ നം/തീയതി | ₹125000, 5/03.12.22<br>₹125000, 9/14 .03.22<br>₹ 125000, 10/14 .03.22 |

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 3 ജെ എൽ ജി ഗ്രൂപ്പുകൾക്ക് (മണക്കടവ് ഫുഡ്സ്ജെ എൽ ജി ഗ്രൂപ്പ്,പവിത്രജെ എൽ ജി ഗ്രൂപ്പ്,എടക്കോ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ) സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടി സബ്സിഡി തുക നൽകിയിട്ടുണ്ട്.ഇതിൽ ഉദയഗിരി ഗ്രാമ പഞ്ചയാത്തിലെ 5പേരടങ്ങുന്ന എടക്കോ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിന് 125000/- സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട് .എന്നാൽ മേൽ പറഞ്ഞ ഗ്രൂപ്പിന്റെ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. സബ്സിഡി തുക .40448101305114 ,എന്ന അക്കൌണ്ടിലെക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ബേങ്കിൽ നിന്നും ലോൺ അനുവദിച്ചതിന്റെ രേഖകൾ, പാസ്ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. യൂണിറ്റ് തൊഴിൽ സംരംഭം ആരംഭിച്ചതിന്റെ രേഖകൾ

3.തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ചെലവഴിച്ച തുക,ഭൗതിക/പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങിച്ച സാധനങ്ങളുടെ ബില്ലുകളും അവ സ്റ്റോക്കിലെടുത്തിന്റെ വിവരങ്ങളും

4.സംരംഭത്തിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം , മോണിറ്ററിംഗ് റിപ്പോർട്ട്

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തി(16/29-11-2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹ 125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ -ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കേണ്ടതാണ്

1. നിർവ്വഹണ ഉദ്യോഗസ്ഥൻ - ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, തളിപ്പറമ്പ്,അഡീഷണൽ I

പ്രോജക്ടിന്റെ പേര് – ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം

പ്രോജക്ട് നം. - 4/22

അടങ്കൽ- 282000 (വികസനഫണ്ട് )

ചെലവ് - 276000വികസനഫണ്ട്

ബിൽ നമ്പർ/ തീയ്യതി/തുക (A.C.R പ്രാകരം) - 3/22//19.11.21/ 276000

കടന്നപ്പള്ളി പാണപ്പുഴ, പട്ടുവം എന്നീപഞ്ചായത്തുകളിലെ 3 ഗുണഭോക്താക്കൾക്ക് 276000 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ സ്കൂട്ടർ കൈപ്പറ്റിയ പട്ടുവം ഗ്രാമ പഞ്ചായത്തിലെ നവീൻ എം എന്ന ഗുണഭോക്താവ് വാഹനം ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ ഡ്രൈവിംഗ് ലൈസൻസ് നേടിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെടുത്തി 28.11.22 ന് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നവീൻ എം എന്ന ഗുണഭോക്താവ് 6 മാസത്തിനകം ലൈസൻസ് എടുത്ത് നൽകാമെന്ന് കരാറിൽ ഏർപ്പെട്ടിരുന്നുവെന്നും എന്നാൽ ശാരീരികമായ പല പ്രയാസങ്ങൾ കാരണം ടി വ്യക്തിക്ക് ലൈസൻസ് എടുക്കാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ എത്രയും പെട്ടന്ന് ലൈസൻസ് എടുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കേണ്ടതാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ- ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, തളിപ്പറമ്പ്.

പ്രോജക്ടിന്റെ പേര് -ശാരിരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ

പ്രോജക്ട് നം. - 20/22

അടങ്കൽ- 840000 (വികസനഫണ്ട് )

ചെലവ് - 840000വികസനഫണ്ട്

ബിൽ നമ്പർ/ തീയ്യതി/തുക (A.C.R പ്രാകരം) - 121/22/18.11.21/460000

236/22/25.1.22/380000

ചെങ്ങളായി, പരിയാരം, കുറുമാത്തൂർ എന്നീ പഞ്ചായത്തുകളിലെ 9 ഗുണഭോക്താക്കൾക്ക് 840000 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ സ്കൂട്ടർ കൈപ്പറ്റിയ പരിയാരം, ചെങ്ങളായി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ബാലകൃഷ്ണൻ, മധുസൂദനൻ എന്നീ ഗുണഭോക്താക്കൾ വാഹനം ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ ഡ്രൈവിംഗ് ലൈസൻസ് നേടിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെടുത്തി 28.11.22 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മധുസൂദനൻ എന്ന ഗുണഭോക്താവിന് ആരോഗ്യപ്രശ്നം കാരണം ലൈസൻസ് എടുക്കാൻ കാലതാമസം വന്നുയെന്നും ബാലകൃഷ്ണൻ എന്ന ഗുണഭോക്താവിന് ലേണേഴ്സ് കാലാവധി തീർന്നതിനാൽ വീണ്ടും പുതുക്കാൻ നൽകിയട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3.നിർവ്വഹണ ഉദ്യോഗസ്ഥൻ- ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, തളിപ്പറമ്പ് അഡീഷണൽ II,ആലക്കോട്

പ്രോജക്ടിന്റെ പേര് -ശാരിരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ

പ്രോജക്ട് നം. - 3/22

അടങ്കൽ-1045000 (വികസനഫണ്ട് )

ചെലവ് - 1030000വികസനഫണ്ട്

ബിൽ നമ്പർ/ തീയ്യതി/തുക (A.C.R പ്രാകരം) - 131/22/20.11.21/460000

309/22/25.2.22/475000

385/22/27.3.22/95000

ഉദയഗിരി, ആലക്കോട്,നടുവിൽ, ചപ്പാരപ്പടവ് എന്നീപഞ്ചായത്തുകളിലെ 11 ഗുണഭോക്താക്കൾക്ക് 1030000 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ സ്കൂട്ടർ കൈപ്പറ്റിയ നടുവിൽ, ചപ്പാരപ്പടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പത്മകുമാരി കെ.വി, സനീഷ് , സണ്ണി സിജോ, ബിജു കെ.കെ, ബേബി, ഇർഫാന എന്നീ ഗുണഭോക്താക്കൾ വാഹനം ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ ഡ്രൈവിംഗ് ലൈസൻസ് നേടിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെടുത്തി 28.11.22 ന് നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ശാരിരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയപ്പോൾ ഏതാനും വ്യക്തികളിൽ നിന്നും ലൈസൻസ് വാങ്ങുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ടി വ്യക്തികളിൽ നിന്നും ലൈസലൻസ് വാങ്ങി ഹാജരാക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി (ക്ഷീരവികസന ഓഫീസർ ആലക്കോട്) അപാകങ്ങൾ- 1100000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ, ആലക്കോട്

പ്രൊജക്ടിന്റെ പേര് : വനിതാ പശുവളർത്തൽ യൂണിറ്റ്

പ്രൊജക്ട് നമ്പർ - 44/21-22

വികസനഫണ്ട്- 1100000

മറ്റുള്ളവ - 1100000

അടങ്കൽ തുക : ₹2200000

ചെലവ് തുക : ₹1100000 (വികസനഫണ്ട്)

ബിൽ നമ്പർ/തീയ്യതി : 3/4.12.21/137500/-

: 4/21.12.21/412500/-

: 5/7.1.22/412500/-

: 7/3.2.22/137500/-

2021-22 വർഷം ക്ഷീരവികസന ഓഫീസർ, ആലക്കോട് നിർവ്വഹണ ഉദ്യോഗസ്ഥനായി വനിതാ പശുവളർത്തൽ യൂണിറ്റ് എന്ന പദ്ധതിക്കായി 1100000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്കിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ 5വനിതാ അംഗങ്ങൾ അടങ്ങിയ 8 ഗ്രൂപ്പുകൾക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോ അംഗത്തിനും ഒരു കറവപശുവിനെ വാങ്ങുന്നതിനായി പശു ഒന്നിന് 27500 രൂപ പ്രകാരം 1 ഗ്രൂപ്പിന് 137500രൂപ വെച്ച് 8 ഗ്രൂപ്പിന് (ഉഷസ് ജെ.എൽ.ജി, ഐശ്വര്യ ജെ.എൽ.ജി, ചൈതന്യ ജെ.എൽ.ജി, നന്ദിനി ജെ.എൽ.ജി, സൌപർണ്ണിക ജെ.എൽ.ജി, ഗോമതി ജെ.എൽ.ജി, നന്മ ജെ.എൽ.ജി, സാന്ത്വനം ജെ.എൽ.ജി) 1100000രൂപ നൽകിയിട്ടുണ്ട്. ഗ്രൂപ്പ് സംരഭത്തിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും വ്യക്തിഗത സംരംഭം എന്ന നിലയ്ക്കാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. മേൽ പദ്ധതി കേരള പഞ്ചാത്ത് രാജ് ആക്ട് നാലാം പട്ടിക 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടതല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളായ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുന്നില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം, പ്രൊജക്ട് ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ മാനദണ്ഡം,ഗ്രൂപ്പ് സംരംഭമായാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും വ്യക്തികൾക്ക് ആനുകൂല്യം നല്കിയത് എന്നിവ സംബന്ധിച്ച് 26-11-2022 നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഗ്രൂപ്പ് സംരംഭമായാണ് പദ്ധതി നടപ്പിലാക്കിയത് എന്നും, ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുന്നില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ്.മറുപടി തൃപ്തികരമല്ലാത്തതിനാലും വ്യക്തികത ആനുകൂല്യം നൽകുന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടത്അല്ലാത്തതിനാലും ഈഇനത്തിൽ ചെലവഴിച്ച , 1100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ലഡാക്ക് കുടിവെള്ള പദ്ധതി- അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ട് നമ്പർ | S0102/22 |
| പ്രോജക്ടിന്റെ പേര് | ലഡാക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ | 836130 (ധനകാര്യ കമ്മീഷൻ അവാർഡ്,90020 ഗുണഭോക്തൃ വിഹിതം) |
| ചെലവഴിച്ച തുക | 746130 +150428( പ്രോജക്ട് നമ്പർ 94ൽ നിന്ന് ) |
| എം ബുക്ക് നമ്പർ | 11/21-22 |
| കരാർ നമ്പർ | AE/LSGD/11/2021-22/28-09-2021 |
| കരാറുകാരൻ | ജോർജ് പി.കെ |

| | |
|---|---|
| എഗ്രീഡ് പി.എ.സി | 880007.74 |
| പ്രവർത്തി മൂല്യം | 800498 |
| വൗച്ചർ നമ്പർ,തീയ്യതി തുക<br>(ഇ ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല.) | 1)17/18-01-2022/746130<br>2)വൗച്ചർ നമ്പർ-19/21-1-22/119125<br>3)31303 -ഗുണഭോക്തൃ വിഹിതം (ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല) |

2020-21 വർഷം നടപ്പിലാക്കിയ ലഡാക്ക് കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിന്റെ നിർവഹണത്തിന ശേഷം ബിൽ എൻട്രി നടത്തിയപ്പോൾ സംഭവിച്ച അപാകം മൂലം തൻ വർഷം നടപ്പിലാക്കാതിരുന്ന ലഡാക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പ്രോജക്ടിന വേണ്ടി വകയിരുത്തിയ153870 രൂപ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിച്ചു. ഇത് സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. 2021-22 വർഷത്തിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സമാനമായ അപാകം ആവർത്തിച്ചതായി കാണുന്നു.

2020-21 വർഷം പൂർത്തിയാകുകയും ഫൈനൽ ബിൽ നൽകുകയും ചെയ്ത "ലഡാക്ക് കുടിവെള്ള പദ്ധതി" എന്ന പ്രോജക്ടും (പ്രോജ ക്റ്റ്നമ്പർ- 94 ,അടങ്കൽ-219125-ധനകാര്യ കമ്മീഷൻ അവാർഡ്-119125, ഗുണഭോക്തൃ വിഹിതം-10000) പദ്ധതി നിർവഹണം നടത്താതിരുന്ന "ലഡാക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം" എന്ന പ്രോജക്ടും 2021-22 വർഷത്തിൽ സ്പിൽ ഓവർ ആയി ആവിഷ്കരിക്കുകയും "ലഡാക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം" എന്ന പ്രോജക്ടിന്റെ വകയിരുത്തിയതിൽ കൂടുതൽ വന്ന തുക ആദ്യം സൂചിപ്പിച്ച പദ്ധതിക്കു വേണ്ടി വകയിരുത്തിയ തുകയിൽ നിന്നും ( ധനകാര്യ കമ്മീഷൻ അവാർഡ്-119125, ഗുണഭോക്തൃ വിഹിതം-31303)ചെലവഴിച്ചതായും കാണുന്നു. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഗുണ ഭോക്തൃ വിഹിതത്തിൽ നിന്നുള്ള ചെലവ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ 1729-11-2022) 2021-22 വർഷത്തേക്ക് ഈ പ്രോജക്ട് സ്പിൽ ഓവറാക്കിയപ്പോൾ ധനകാര്യ കമ്മീഷൻ പ്രോജക്ട് ആയതിനാൽ മേൽ രണ്ട് പ്രോജക്ടുകളും ഭേദഗതി ചെയ്യാൻ സാധിച്ചില്ലെന്നും നേരത്തെ തെറ്റായി പ്രോജക്ടിൽ നിന്നും തുക നൽകിയതിനാൽ ബിൽ നൽകുന്നതിന് ആവശ്യമായ തുക പ്രോജക്ടിൽ ലഭ്യമാകാതെ വന്നിനാൽ ആദ്യ പ്രോജക്ടിൽ നിന്നും പൂർത്തീകരണ പ്രവർത്തിയുടെ ബില്ല് നൽകേണ്ടി വന്നുമെന്നുമാണ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചത്. ഇത് ശരിയായ വിശദീകരണമല്ല. മുൻ വർഷത്തെ അപാകം വീണ്ടും ആവർത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. പൂർത്തീകരിച്ച പദ്ധതി വീണ്ടും സ്പിൽ ഓവറാക്കിയത് ശരിയായ നടപടിയല്ല.

പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം സംബന്ധിച്ചുള്ള രേഖകൾ, പദ്ധതി പൂർണ്ണമായും പ്രവർത്തന ക്ഷമമായി കുടി വെള്ള വിതരണം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 57/22, |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹74651 വികസന ഫണ്ട്, പൊതുവിഭാഗം |
| ചെലവ് തുക,ബിൽ നം. തീയ്യതി | ₹ 74651<br>5/23/6/21, |

മേൽ പ്രോജക്ട് പ്രകാരം ₹ 74651 ഐ.കെ.എം ഡയറക്ടറുടെ നമ്പർ 57047023512അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ

ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/27-11-2022 ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, തളിപ്പറമ്പ്
അഡീഷണൽ II,ആലക്കോട്
പ്രോജക്ടിന്റെ പേര് – ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ
പ്രോജക്ട് നം.- 13/22
ആകെ അടങ്കൽ –1300000 ( 996200 – വികസനഫണ്ട്, 303800 – ധനകാര്യ കമ്മീഷൻ അവാർഡ്)
ആകെ ചെലവ് – 1300000 ( 996200 – വികസനഫണ്ട്, 303800 – ധനകാര്യ കമ്മീഷൻ അവാർഡ്)
ബിൽനം./തീയതി/തുക(A.C.R പ്രകാരം) – 163/22/20.12.21/400000
174/22/22.12.21/596200
287/22/16.2.22/277875
290/22/19.2.22/25925

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പർ പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക ₹ |
|---|---|---|
| 3 | നടുവിൽ | 400000 |
| 4 | ആലക്കോട് | 105350 |

മേൽ കാര്യം ശ്രദ്ധയിൽപ്പെടുത്തി 28.11.22 ന് നൽകിയ 14 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നടുവിൽ, ആലക്കോട് എന്നീ പഞ്ചായത്തുകൾക്ക് കത്ത് നൽകിയട്ടുണ്ടെന്നും ആയത് ഓഡിറ്റിൽ ഹാജരാക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം -ഹാജരാക്കിയില്ല

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ , പേര് | നല്കിയതുക | റിമാർക്സ് |
|---|---|---|
| 169/22,ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ കുടിവെള്ള പദ്ധതികൾ | 7668385 | ആലക്കോട് ഗ്രാമ പഞ്ചായത്ത് കുളമ്പി സ്വരാജ് മുക്ക് കുടിവെള്ള പദ്ധതിക്കു വേണ്ടി കേരള വാട്ടർ സപ്ലൈ ഡിവിഷൻ തളിപ്പറമ്പിന് നൽകിയത് |

| | | |
|---|---|---|
| | 110000 | നടുവിൽ കോട്ടച്ചോല കുടിവെള്ള പദ്ധതിക്കു വേണ്ടി ഡിസ്ട്രിക്ക് ഓഫിസർ ഭൂജല വകുപ്പിന് നൽകിയത് |
| 87/22,തുടർ സാക്ഷരത വിദ്യാർത്ഥികൾക്ക് ഫീസ് നൽകൽ | 41850 (32650+9200) | കേരള ലിറ്ററസി മിഷന് നൽകിയത് |
| | 11650 | കോ-ഓർഡിനേറ്റർ ജില്ലാ സാക്ഷരതാ മിഷൻ ,കണ്ണൂർ നൽകിയത് |

വിനിയേഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/27-11-2022 മറുപടി ലഭ്യമാക്കിയതിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കും എന്നാണ്.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 23.11.22,24.11.22 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1695/2022 തീയതി: 01.03.2023 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെയും തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കോട്ടച്ചോലകുടിവെള്ള പദ്ധതി | 1 | 1 10000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1 10000 |
| കേരള വാട്ടർ അതോറിറ്റി | സ്വരാജ്മുക്ക് കുടിവെള്ള പദ്ധതി | | 7668385 | ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 7668385 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ,വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന നിർമ്മാണ പദ്ധതി (പാപ്പിനിശ്ശേരി കോഓപ്പറേറ്റീവ് റൂറൽ ബാങ്ക്) | ലഭ്യമല്ല | 50,00,000 | 143081 | 143081 | | 0 |
| ഐ എ വൈ ഭവന നിർമ്മാണ പദ്ധതി(മാടായി കോഓപ്പറേറ്റീവ് റൂറൽബാങ്ക്, കുപ്പം ശാഖ | ജി ഒ (എം എസ്) 90/12/എൽ എസ് ജി ഡി തീയതി 14.03.13 | 6900000 | 1300000 | 600000 | | 700000 |
| | | | | | | 700000 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പലിശ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2004-05 | 3.13.11.2 | സർക്കാർ നിർദേശത്തിന് വിരുദ്ധമായ ചെലവ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 117261424 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 111074539 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹5345500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1970000 | ബിന്ദു.കെ.കെ ,കൃഷി അസി.ഡയറക്ടർ |
| 1-13 | 1600500 | ശ്രീ.സുനിൽ.എം,വ്യവസായ വികസന ഓഫീസർ |
| 1-14 | 550000 | ശ്രീമതി.സ്മിത മാരാർ, ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ |
| 1-16 | 125000 | ശ്രീ.സുനിൽ.എം,വ്യവസായ വികസന ഓഫീസർ |
| 1-18 | 1100000 | ശ്രീമതി.അൽഫോൻസ ജോസഫ്, ക്ഷീരവികസന ഓഫീസർ,ആലക്കോട് |

| | | |
|---|---|---|
| ആകെ | ₹5345500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിന്ദു കെ.കെ. | കൃഷി അസി. ഡയറക്ടർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | കുന്നത്ത് പറമ്പിൽ ഹൗസ്, കഞ്ഞിയൂർ(പി.ഒ.) ചാവക്കാട്, തൃശ്ശൂർ |
| ശ്രീ.സുനിൽ.എം. | വ്യവസായ വികസന ഓഫീസർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | കാരന്തട്ട് (പി.ഒ.) രാമന്തളി (വഴി) കണ്ണൂർ ജില്ല |
| ശ്രീമതി.സ്മിത മാരാർ | ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | ദേവികൃപ, കിഴക്കൽ റോവ്വൽ നിലേശ്വരം,കാസർഗോഡ് |
| ശ്രീമതി.അൽഫോൻസ ജോസഫ് | ക്ഷീരവികസന ഓഫീസർ,ആലക്കോട് | പൂച്ചവാലേൽ ഹൗസ് പുഷ്പഗിരി, ഗാന്ധിനഗൻ I തളിപ്പറമ്പ്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2001-02 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 4 |
| 2002-03 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 5 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 3 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 3 |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 4 |

| | | |
|---|---|---|
| 2008-09 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 6 |
| 2009-10 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 7 |
| 2010-11 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 7 |
| 2011-12,12-13 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 6 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 18 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി3-790/19 തീയതി 10.06.19 | 7 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി3-931/20 തീയതി 16.11.2020 | 14 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി3-113/20 തീയതി 18.08.2020 | 15 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി3/429/22 തീയതിः 25.05.2022 | 20 |
| 2020-21 | കെ എസ് എ /കെ എൻ ആർ/സി3/430/22 തീയതിः 26.05.2022 | 26 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Thalipparamba Block Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6777773.00 |
| Cash | Cash | RP-40(a) | 19528.00 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 125764.00 |
| 150000000 | Sale & Hire Charges | RP-5 | 221517.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73108673.00 |
| 171000000 | Interest Earned | RP-9 | 159458.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24757934.00 |
| 350000000 | Other Liabilities | RP-36 | 372150.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 2315611.00 |
| 350000000 | Other Liabilities | RP-36 | 111346.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 15651493.00 |
| 460000000 | Loans, Advances and Deposits | RP-47 | 437478.00 |
| | Grand total | | 124058725.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3230639.00 |
| 220000000 | Administrative Expenses | RP-12 | 3490179.00 |
| 230000000 | Operations & Maintenance | RP-13 | 2015074.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12597438.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33942958.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2310209.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 376771.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1676556.00 |
| 255000000 | Maintenance Projects | RP-20 | 3697173.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 8150.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1017500.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 86868.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5978757.00 |
| 350000000 | Other Liabilities | RP-36 | 508673.00 |
| | Non Operating | | |
| 330000000 | Secured Loans | RP-32 | 743081.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 160718.00 |
| 410000000 | Fixed Assets | RP-38 | 16032918.00 |
| 412000000 | Capital work in Progress | RP-40 | 9466436.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12245888.00 |
| 460000000 | Loans, Advances and Deposits | RP-47 | 1488553.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12982206.00 |
| Cash | Cash | RP-40(b) | 1980.00 |
| | Grand Total | | 124058725.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Thalipparamba Block Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 687200.00 |
| 140000000 | Fee & User Charges | I-4(b) | 125764.00 |
| 150000000 | Sale & Hire Charges | I-5(b) | 221517.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 66465213.00 |
| 171000000 | Interest Earned | I-8 | 159458.00 |
| | Total Income | | 67659152.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3230639.00 |
| 220000000 | Administrative Expenses | I-11(b) | 3490179.00 |
| 230000000 | Operations & Maintenance | I-12(b) | 2015074.00 |
| 240000000 | Interest & Finance Charges | I-13 | 36.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12647438.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33892958.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2310209.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 376771.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 1676556.00 |
| 255000000 | Maintenance Projects | I-14(e) | 3697173.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 8150.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1017500.00 |
| 272000000 | Depreciation | I-17(a) | 2107905.00 |
| | Total Expenditure | | 66470588.00 |
| | Gross Surplus / Deficit of income over Expenditure | | 1188564.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 86868.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1101696.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

Thalipparamba Block Panchayat BALANCE SHEET
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11138709.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 123193200.00 |
| | Total Reserve & Surplus | | 134331909.00 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9317243.00 |
| | Total Grants, Contributions for Specific Purposes | | 9317243.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 700000.00 |
| | Total Loans | | 700000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3308430.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 485699.00 |
| | Total Current Liabilities and Provisions | | 3794129.00 |
| | TOTAL LIABILITIES | | 148143281.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 149911498.00 |
| 411000000 | Accumulated Depreciation | B-11 | -30038304.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 119873194.00 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 13668393.00 |
| 450000000 | Cash and Bank Balance | B-17 | 12984186.00 |
| 460000000 | Loans, Advances and Deposits | B-18 | 1617508.00 |
| | Total Current Assets, Loans and Advances | | 28270087.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 148143281.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.